

# വികാരിയിൽ നിന്ന് ...

31-08-2018

## ദൈവനാമം മഹത്വപ്പെടട്ടെ

അത്യന്തം ഭയാനകവും ഭീതിജനകവും ഭീകരവും ദാരുണവുമായ ജലപ്രളയത്തിൻെറ നാളുകളിലൂടെയാണല്ലോ കേരള ജനത കഴിഞ്ഞുപോയ ദിനങ്ങളിൽ കടന്നു പോയത്. കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ദുരന്തം ആയിരുന്നു മലയാളക്കര ഏറ്റുവാങ്ങിയത്. ജീവിച്ചിരിക്കുന്ന ആരും ഇത്തരം ഒരു ജലപ്രളയത്തിൻെറ ബീഭത്സമായ അനുഭവത്തിലൂടെ കടന്നു പോയിട്ടുണ്ടാവില്ല. ഈ വലിയ മഹാദുരന്തത്തെ ഇച്ഛാശക്തി കൊണ്ടും, കർമ്മശേഷികൊണ്ടും, കൂട്ടായ്മകൊണ്ടും, ദൈവാനുഗ്രഹം കൊണ്ടും നാം അതിജീവിച്ചുകൊണ്ടിരിക്കുന്നു. അതിജീവനത്തിൻെറ പാതയിൽ ശീഘ്രം മുന്നേറുന്നു എന്നത് ശ്രേഷ്ഠമായ കാര്യം ആണ്. ഇത്തരുണത്തിൽ അങ്ങേയറ്റം ക്ലേശകരമായ ഈ വലിയ ദൗത്യം നിർവഹിക്കുവാൻ മുന്നിട്ടിറങ്ങിയ എല്ലാവരേയും നന്ദിയോടെ ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യാം. തങ്ങളുടെ ജീവനെപ്പോലും തൃണവൽഗണിച്ച് പതിനായിങ്ങളുടെ ജീവൻ രക്ഷിക്കുവാൻ മുന്നിട്ടിറങ്ങിയ സർക്കാരിൻെറ വിവിധ ഏജൻസികൾ, വിവിധ സേനാവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ, വിവിധ മതവിഭാഗങ്ങൾ, യുവജനങ്ങൾ തുടങ്ങി അനേക ആയിരങ്ങളുടെ അക്ഷീണമായ പ്രവർത്തനം കൊണ്ടാണ് ധാരാളം മനുഷ്യജീവൻ രക്ഷിക്കാൻ ഇടയായത്. പ്രളയം കഴിഞ്ഞെങ്കിലും അനേക ആയിരങ്ങൾ സാധാരണ നിലയിലെത്താൻ ഇനിയും ഏറെ സമയവും, വിഭവങ്ങളും ആവശ്യമാണ്. പ്രളയത്തിൻെറ ദുരിതക്കയത്തിൽ മുങ്ങിത്താണു പോയ നമ്മുടെ പ്രിയപ്പെട്ടവരുടെ പുനരധിവാസം നമുക്ക് മുമ്പിൽ ഒരു വലിയ വെല്ലുവിളി തന്നെയാണ്. അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുവാൻ നമ്മുടെ സഹായം അനിവാര്യമാണ്. ലക്ഷക്കണക്കിനു ആളുകൾ ഇനിയും "ദുരിതാശ്വാസ ക്യാമ്പ്"കളിൽ തന്നെ കഴിയുകയാണ്. നാം ദുരന്തത്തെ ഒറ്റക്കെട്ടായി അതിജീവിക്കുക തന്നെ ചെയ്യും. പക്ഷേ നാം ചെയ്യേണ്ട കാര്യങ്ങൾ, നമ്മുടെ ഉത്തരവാദിത്വം ഇവിടെ വളരെ വലുതാണ്. ദൈവം നമുക്ക് നൽകിയിട്ടുള്ള വിഭവശേഷി നാം പങ്കുവെയ്ക്കാൻ മനസ്സ് വച്ചാൽ ഇത് സുസാധ്യം ആണ്. ഹൃദയ പൂർവ്വം നമുക്ക് ഉള്ളത് ദാനം ചെയ്താൽ ദൈവം നമ്മെ അനുഗ്രഹിക്കും. സമസൃഷ്ടങ്ങളെ കരുതുവാനും, സഹായിപ്പാനും, പങ്കുവെയ്ക്കുവാനും, കരുണ കാണിപ്പാനും, സ്നേഹിക്കുവാനുള്ള സുവർണ്ണ അവസരം. ഇവിടെ മനസ്സലിവും, ആർദ്രതയും, ഉദാരമായി നൽകാനുള്ള സന്നദ്ധതയും നമുക്ക് ഉണ്ടാകണം. കനിവിൻെറ കരങ്ങൾ നീട്ടി പ്രിയപ്പെട്ടവരുടെ കണ്ണീർ ഒപ്പാൻ നമുക്ക് ദൈവം അവസരം തന്നിരിക്കുന്നു. നമ്മുടെ പ്രാർത്ഥനയും, കണ്ണുനീരും, പ്രവർത്തിയും, സഹായങ്ങളും ദൈവം എന്നും ഓർക്കും.

ദുരന്തത്തിനു വല്ല അർത്ഥവും ഉണ്ടോ? തീർച്ചയായും ചില പാഠങ്ങൾ ഇവിടെ കുറിക്കട്ടെ. 1.പ്രകൃതിയെ അനിയന്ത്രിതമായി ചൂഷണം ചെയ്താൽ, ദുരന്തം ഏറ്റുവാങ്ങേണ്ടിവരും എന്നുള്ളത് നാം എന്നും ഓർത്തിരിക്കണം. 2.ദൈവത്തിലാശ്രയിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠവും മഹത്തരവും. 3.മനുഷ്യൻെറ സ്വപ്നങ്ങളുടെ ബാബേൽഗോപുരങ്ങൾ നിമിഷ നേരം കൊണ്ട് തകർന്നടിയും. 4.ഒന്നിച്ച് നിന്നാൽ എല്ലാ ദുരിതങ്ങളെയും അതിജീവിക്കുവാൻ കഴിയും. 5.ജാതി, മത, വർഗ്ഗ, രാഷ്ടീയ വ്യത്യാസം വെടിഞ്ഞ് ഒന്നിച്ചു ചേരേണ്ടതിൻെറ അനിവാര്യത 6.മനുഷ്യ കുലത്തിൽ നിന്നും നന്മയുടെ ഉറവുകൾ വറ്റിയിട്ടില്ല എന്ന മഹത്തായ സത്യം.

7.അന്യൻെറ ദുഖം നമ്മുടെ ഏവരുടെയും ദുഖമാണ് 8.ആവശ്യവസ്തുക്കളുടെ മൂല്യം അറിയുവാൻ. പ്രത്യേകിച്ച് ഭവനം, വസ്ത്രം, വെള്ളം ആഹാരം ഇവയുടെ വില എന്താണെന്ന് പഠിച്ചു. 9. ജീവിക്കാൻ ഒരുപാട് കാര്യങ്ങൾ ആവശ്യമില്ല എന്ന കാര്യം.10.സ്വരൂപിച്ച് വച്ചിട്ടുള്ള ഭൗതികമായ യാതൊന്നിനും ആത്യന്തികമായി നമ്മെ സഹായിക്കുവാൻ കഴിയുകയില്ല. ഉദാഹരണം (പണം, ക്രെഡിറ്റ് കാർഡ് വാഹനം, വീട്, ബുദ്ധി, കഴിവ്) 11. മറ്റേതിനേക്കാളും ജീവനാണ് വിലയുള്ളത്. 12. ഈ ലോകത്തിൻെറ എല്ലാ സുരക്ഷിതത്വവും താൽകാലികം ആയവയാണ്. ഇവയാണ് നാം തുടർന്ന് പഠിയ്ക്കേണ്ട പാഠങ്ങൾ.

സെപ്റ്റംബർ 7 സേവികാ സംഘദിനമായി വേർതിരിച്ചിരിക്കുന്നു. സ്ത്രീകളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുവാനും, ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കുകാരായി സുവിശേഷം അറിയിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. ഏവരുടെയും പങ്കാളിത്തം ഉറപ്പാക്കണം. രണ്ടാം ആഴ്ച വയോജന ദിനമായി (സെപ്റ്റ്.14) ആചരിക്കുന്നു. വയോജനങ്ങൾ വിലയേറിയ മുത്തുകളാണ്, വിലയേറിയവരാണ്, കിരീടങ്ങളാണ്. അവരെ സ്നേഹിക്കുകയും, ചേർത്തുപിടിക്കുകയും, കരുതുകുകയും, സ്നേഹിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. അവരുടെ ത്യാഗവും, നൊമ്പരവും തിരിച്ചറിയാതെ പോകരുത്. മൂന്നാം ആഴ്ച 'വിശുദ്ധ കുർബാന' എന്നതാണ് ധ്യാന വിഷയം. കുർബാന, കൂദാശകളിൽ ശ്രേഷ്ഠമായതാണ്. വാക്കിൻെറ അർത്ഥം സമർപ്പണം, യാഗം എന്നതാണ്. നാലാം ആഴ്ച 'വൈവാഹിക ബന്ധം' എന്നതാണ് ചിന്താവിഷയം. കുടുംബത്തിൻെറ അടിത്തറ ഇളകുന്ന ആധുനികവൽക്കരണവും, പാശ്ചാത്യവൽക്കരണത്തിൻെറ കടന്നു കയറ്റവും സമൂഹത്തിൻെറ സുസ്ഥിരതയെ വരെ പിടിച്ചുലയ്ക്കുന്നുണ്ട്. ദൈവത്തെ ഭയപ്പെട്ട് മൂല്യവത്തായ കുടുംബങ്ങൾ കെട്ടിപ്പടുക്കണം.നമ്മുടെ കുടുംബങ്ങൾ കെട്ടുറപ്പുള്ളതായി സൂക്ഷിക്കുവാൻ നിതാന്ത ജാഗ്രത അത്യാവശ്യമാണ്

പ്രതീക്ഷയുടെ തിരിനാളം കെട്ടുപോകാതെ ജ്വലിപ്പിച്ച് മറ്റുള്ളവർക്ക് നന്മ ചെയ്യുവാനാണ് ദൈവം ഈ ജന്മം നമുക്ക് തന്നത്. ഈ ജീവിതം ധന്യവും, സഫലവും ആകുന്നത് അന്യരുടെ കണ്ണീർ ഒപ്പുമ്പോൾ മാത്രമാണ്. കണ്ണീർക്കയത്തിൽ മുങ്ങിത്താണുപോയി തകർന്ന നമ്മുടെ സഹജരുടെ വേദനയിൽ നമുക്കും പങ്കുചേരാം, കനിവിൻെറ കരം നീട്ടാം. തോരാത്ത മഴയിൽ തീരാത്ത ഹൃദയ വേദനയിൽ ആയ എൻെറ നാടിനും, നമ്മുടെ പ്രിയപ്പെട്ടവർക്കും പ്രാർത്ഥനയിലൂടെ പ്രണാമം അർപ്പിക്കുന്നു. ഏവർക്കും പ്രാർത്ഥിക്കാം, സഹായിക്കാം, സഹകരിക്കാം. അതിനു ദൈവം നമ്മെ ഏവരെയും ശക്തീകരിക്കട്ടെ

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com